ഇതിനുമുൻപ് ഒരിക്കൽ മുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻതന്നെ കണ്ട് രക്ഷാകർതൃ സമിതിയുടെ നിവേദനം നൽകി. മന്ത്രി ആ കരാർ റദ്ദാക്കിക്കൊണ്ട് പണി മറ്റാരെയെങ്കിലും ഏൽപ്പെടുത്തുന്നതിന് നിർദ്ദേശിച്ചതാണ്. എന്നാൽ എന്തുകൊണ്ടോ പിന്നീട് അത് ക്യാൻസൽ ചെയ്തില്ല. കഴിഞ്ഞ മാസാവസാനവും ഈ പണി തീരാത്തതുകൊണ്ട് കരാർ റദ്ദ് ചെയ്ത് അടിയന്തിരമായി മറ്റാരെയെങ്കിലും ഈ പണി ഏൽപ്പിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടാകണം. വളരെയധികംപേർ പഠിക്കുന്ന ആ സ്ക്കൂളുകളിലെ കുട്ടികൾക്ക് ശ്വാസംമുട്ടൽ ഉണ്ടായി അസുഖമുണ്ടാകുന്ന അവസ്ഥയിലാണ്. അതിനാൽ അടിയന്തിരമായി പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്) : സർ, അദ്ദേഹം ഇവിടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും സൂചിപ്പിച്ചു. അതിൽ ഒപരുങ്കുളം ഗവൺമെൻറ് സ്ക്കൂളിന് നടപ്പ് സാമ്പത്തികവർഷത്തിൽ ഒരുലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പണി നടത്തിക്കൊണ്ടിരുന്ന അതിന്റെ കോൺട്രാക്ടർ ഇപ്പോൾ പണി നടത്തുന്നില്ല. അതുകൊണ്ട് ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് മറ്റ് സ്റ്റെപ്സ് എടുക്കുന്നതിനുവേണ്ടിയുള്ള നോട്ടീസ് കൊടുത്തിരിക്കുകയാണ്. അതുപോലെ ആ സ്ക്കൂളിൽ ഈയടുത്തകാലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്നും ഒരുലക്ഷം രൂപ മുടക്കി ഒരു കെട്ടിടം പണി തീർത്തിട്ടുണ്ട്. ആനപ്പാറ സ്ക്കൂളിനെ സംബന്ധിച്ചിടത്തോളം കെട്ടിടം പണിയാൻ ഈ വർഷം ബഡ്ജറ്റിൽ പണം വകകൊള്ളിച്ചിട്ടില്ല. പാവൂർ ഹൈസ്ക്കൂളിന് ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിടത്തിന്റെ പണിക്കുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. പരുത്തിപ്പള്ളി ഹൈസ്ക്കൂളിന് ബഡ്ജറ്റിൽ ട്രോക്കൺപ്രൊവിഷൻ മാത്രമേ വകകൊള്ളിച്ചിട്ടുള്ളു, പ്രയോറിറ്റി ലിസ്റ്റിൽപെടുത്തിയിരിക്കുന്ന ഒരു സ്ക്കൂളാണ്. ട്രോക്കൺപ്രൊവിഷൻ മാത്രമുള്ളതുകൊണ്ട് അത് ഈ വർഷം ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ള കാര്യം സംശയമാണ്. മറ്റൊന്ന് കുളത്തുമ്മൽ ഹൈസ്ക്കൂളാണ്, അതിനും ട്രോക്കൺ പ്രൊവിഷൻ മാത്രമേ ഉള്ളു. ആ സ്ക്കൂളിന്റെ പ്രത്യേകത പരിഗണിച്ച് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(9) കാർത്തികപ്പള്ളി താലൂക്കിലെ നിലം ഉഴവ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എൻ. ശ്രീനിവാസൻ : സർ, കാർത്തികപ്പള്ളി താലൂക്കിലെ നിലം ഉടമകൾ ഏതാനും കൊല്ലങ്ങളായി പരമ്പരാഗതമായി മാടിനെ ഉപയോഗിച്ച് ഉഴവ് നടത്തുന്ന തൊഴിലാളികളെ അകറ്റിനിർത്തിയിട്ട് യന്ത്രവൽക്കൃത ഉഴവ് തുടരുന്നു. സ്വാഭാവികമായി തൊഴിൽരഹിതരായ തൊഴിലാളികൾ സമരം തുടങ്ങി, അവസാനം ഐ. ആർ. സി. ഇടപെട്ട് ഒരു അനുരഞ്ജനം നടപ്പിലാക്കി. യന്ത്രവൽക്കൃത ഉഴവ് നടത്തുന്നവർ രണ്ട് ചാല് പൂട്ടാൻ പഴയ മാടിനെ ഉപയോഗിച്ച്. ഉഴവ് നടത്തുന്ന തൊഴിലാളികൾക്ക് അവസരം നൽകണമെന്നതായിരുന്നു ഒത്തുതീർപ്പ്. മൂന്ന് ഭൂവുടമകൾ മാത്രം ഈ അനുരഞ്ജന തീരുമാനത്തെ ലംഘിച്ച് ഇപ്പോൾ യന്ത്രവൽക്കൃത ഉഴവ് നടത്തുകയാണ്. അടുത്ത ഉഴവ് ഈ വരുന്ന ഡിസംബർ മാസത്തിലാണ്. അതിനിടയിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് ഇടപെട്ട് യന്ത്രവൽക്കൃത ഉഴവ് നടത്തുന്ന ഉടമകളെ മുമ്പുള്ള ഒത്തുതീർപ്പ് പരിപാലിക്കാൻ അവരുടെമേൽ സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഐ.ആർ.സി. എടുത്തിട്ടുള്ള തീരുമാനം ട്രാക്ടറും മറ്റും ഉപയോഗിച്ച് ഉഴവു നടത്തിയാൽ മാടുകളെ ഉപയോഗിച്ച് ഉഴവു നടത്തുന്ന ആളുകൾക്ക് ജോലി നിഷേധിക്കരുത് എന്നുള്ളതായിരുന്നു. കഴിഞ്ഞ അഞ്ചു വർഷമായി മാടുകളെ ഉപയോഗിച്ച് ഉഴവു നടത്തുന്നില്ല. ട്രാക്ടർ ആയിരുന്നുവെന്നും അഗ്രികൾച്ചറൽ വർക്കേഴ്സ് അക്ടിന്റെ അടിസ്ഥാനത്തിൽ മൂന്നു കൊല്ലം തുടർച്ചയായിട്ട് ജോലി ചെയ്തവരെ മാത്രമേ വർക്കേഴ്സ് ആയി അവർ അംഗീകരിക്കുകയുള്ളൂ എന്നും മറ്റുമുള്ള തർക്കമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഇതു സംബന്ധിച്ച് നടപടി നടത്തുന്നതിന് ഇന്നയിന്ന വർക്കേഴ്സിനു ജോലി നിഷേധിച്ചിരിക്കുന്നുവെന്നുള്ള ഒരു കംപ്ലെയിന്റ് ആണ് വേണ്ടത്. ലേബർ ഡിപ്പാർട്ടുമെന്റിന് അങ്ങനെയൊരു കംപ്ലെയിന്റ് ലഭിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്നയിന്ന വർക്കേഴ്സിന് ജോലി നിഷേധിച്ചിരിക്കുന്നു എന്ന വിധത്തിൽ ഒരു പരാതി വന്നാൽ അന്വേഷിച്ച് വേണ്ട നടപടിയെടുക്കാം.

(10) ഇരിങ്ങാലക്കുട റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, മാള നിയോജകമണ്ഡലത്തിൽപ്പെട്ട ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷനു അടുത്ത് പോട്ട-ഇരിഞ്ഞാലക്കുട പി. ഡബ്ലിയു. ഡി. റോഡിൽ കല്ലേറുംകരയിൽ ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കണം. മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമാണ് ഇരിഞ്ഞാലക്കുട പട്ടണം. ദിനംപ്രതി ആയിരക്കണക്കിനു വാഹനങ്ങൾ ഇതുവഴി കടന്നു പോകുന്നുണ്ട്. കേരളസർക്കാർ 37 റെയിൽവേ മേൽപ്പാലങ്ങളുടെ പ്രയോറിട്ടി ലിസ്റ്റ് കേന്ദ്രത്തിനു അയച്ചിട്ടുണ്ട്. എന്നാൽ കല്ലേറുംകര ഓവർ ബ്രിഡ്ജ് ഇതിലില്ല. മുൻസർക്കാരിന്റെ കാലത്ത് അപ്രോച്ച് റോഡിനു ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. ഈ സർക്കാർ അതും ചെയ്തിട്ടില്ല. ജനങ്ങളുടെ ചിരകാലാഭിലാഷമായ ഈ മേൽപ്പാലം കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അടിയന്തിരമായി നിർമ്മിക്കണം. മുഖ്യമന്ത്രിയുടെ മണ്ഡലത്തോടുള്ള ഈ അവഗണന അവസാനിപ്പിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഇതിൽ ഗവൺമെന്റിനു ഒരു ചെറിയ കുഴപ്പം പറ്റി. ഇത് ഏതു പാലം ആണെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ കത്തിൽ ഇല്ലാത്തതുകൊണ്ട് ഏതിനെക്കുറിച്ചാണ് പറയേണ്ടതെന്ന് അന്വേഷിച്ച് നടക്കേണ്ട ഒരു സ്ഥിതി വന്നു. ഏതായാലും ഞാൻ ഇരിഞ്ഞാലക്കുടയ്ക്ക് പരിസരത്തുള്ള പാലങ്ങളെപ്പറ്റിയൊക്കെ അന്വേഷിച്ചു. കമ്മ്യൂണിക്കേഷന്റെ ബുദ്ധിമുട്ട് കൂടിയുള്ളതുകൊണ്ട് വിവരം കഷ്ടിച്ചാണ് കിട്ടിയത്. ഏതായാലും 34 പാലങ്ങൾ 1984-ൽ തീരുമാനിച്ച കൂട്ടത്തിൽ ഈ പാലം ഇല്ല. റെയിൽവേയുടെ നിയമം അനുസരിച്ച് സ്റ്റേറ്റ് ഗവൺമെന്റിനു പാലം ഏറെടുക്കണമെങ്കിൽ അതിന് ആവശ്യമായ മുഴുവൻ തുകയും അഡ്വാൻസായി കെട്ടിവയ്ക്കണം എന്നാണ്. നമ്മുടെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ഇതിനു ആവശ്യമുള്ള തുക പി. ഡബ്ലിയു. ഡി. യുടെ കീഴിലുള്ള അക്കൗണ്ട് ഹെഡ്ഡിൽ നമ്മൾ ചേർക്കും. അങ്ങനെയും ഈ പാലങ്ങൾ ഒന്നും ചേർത്തിട്ടില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു പാലമാണെന്ന് അന്വേഷണത്തിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽനിന്നും മനസ്സിലായി. ഇനി ഇതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുകയാണ്. ഇതുവരെയാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അവിടത്തെ പാർലമെന്റു മെമ്പറും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈവക കാര്യങ്ങൾ ശ്രദ്ധിക്കാനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly